ശ്രീ. ടി. കെ. നാരായണപിള്ള : ഈ ഗവണ്മെണ്ടതന്നെ.

ശ്രീ. ആർ. ശങ്കർ : ഡൽഹിയിലെ കൊച്ചിൻ ഹൗസും വാടകയ്ക്ക് കൊടുത്തിരിക്കുകയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള : അതെ.

ഹരിജൻ വിദ്യാഭ്യാസസഹായം

*൫൯൨. (൫൨) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഹരിജൻ അപ്പീലിഫ്റവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ.—

(എ) തിരുവല്ലാ, കോയിപ്രം, പല്ലാട്ട്, എസ്സ്. വി. ഇംഗ്ലീഷ് സ്കൂളിൽ അദ്ധ്യായനം നടത്തുന്ന ഹരിജൻ വിദ്യാർത്ഥികൾക്ക് ഡിപ്പാർട്ടുമെൻറിൽനിന്നും അനുവദിച്ചിട്ടുള്ള സഹായധനം ലഭിച്ചിട്ടില്ലെന്നുള്ള വിവരം ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൽ എന്തു നടപടികൾ കൈക്കൊണ്ടു?

വ്യവസായവും, എക്സൈസും, പ്രാദേശികസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ) :

(എ) ഉണ്ട്.

(ബി) സഹായധനം കൊടുക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : മാനേജ്മെണ്ടു് സ്കൂളുകളെ സംബന്ധിച്ചു് ഈ വിവരം ഗവണ്മെണ്ടു് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അതിനുവേണ്ട നടപടി എടുക്കുന്നുണ്ടു്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : ഈ വിഷയത്തിൽ ഇൻഡ്യാഗവണ്മെണ്ടിന്റെ അനുവാദം ആവശ്യമാണോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : ആവശ്യമില്ല.

ശ്രീ. പി. ചാക്കോ : ഈ ധനസഹായം പിന്നോക്ക സമുദായത്തിൽപ്പെട്ട എല്ലാവർക്കും കൊടുക്കുമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അതിനു് വ്യവസ്ഥ ഉണ്ടു്.

പോലീസ് ഡിപ്പാർട്ടുമെൻറിലേക്കു് എടുത്തിട്ടുള്ള ആളുകൾ

*൫൯൩. (൫൩) ശ്രീ. എ. വി. ജോസഫ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ ദയവായി മറുപടി പറയുമോ.—

(എ) ൧൯൪൦ മാർച്ചിനുശേഷം പോലീസ് ഡിപ്പാർട്ടുമെൻറിലേക്കു് എത്ര ആളുകളെ എടുത്തു;

(ബി) അവരുടെ യോഗ്യതകൾ എന്തു്?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള :)

(എ) ൧൯൩൯.

(ബി) അവരുടെ വിദ്യാഭ്യാസയോഗ്യതകൾ അടങ്ങിയ ലിസ്റ്റു് വച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly